**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തി സർവേ നടത്തി ജണ്ട കെട്ടി തിരിച്ച് രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ; | (എ) | വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വനാതിർത്തികളിൽ നിലവിൽ നിർമ്മിച്ച ജണ്ടകളുടെ ജി.പി.എസ്. റീഡിംഗ് ശേഖരിച്ച് ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തികളിൽ 2021-22 സാമ്പത്തിക വർഷത്തിൻറെ തുടക്കത്തിൽ ഉദ്ദേശം 21200 ഓളം ജണ്ടകൾ കൂടി ഇനി നിർമ്മിക്കുവാനുണ്ടെന്നാണ് കണക്കാക്കിയിരുന്നത്. ആയതിൽ 2021-22 സാമ്പത്തിക വർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 274.070 കിലോമീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 1284.434 കിലോമീറ്ററിലായി 6000 ജണ്ടകൾ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വനാതിർത്തിൽ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ടി വിഷയത്തിൽ റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വന പ്രദേശത്ത് റവന്യൂ വകുപ്പ് തയ്യാറാക്കിയ Standard Operating Procedure (SOP) അനുസരിച്ചും അല്ലാത്ത മേഖലകളിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ തയ്യാറാക്കിയ Standard Operating Procedure (SOP) ഉപയോഗിക്കുവാനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കേരള സർക്കാരിൻറെ സർവ്വേ & ലാൻറ് റെക്കോഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റലൈസ്ഡ് |

| | | | |
|---|---|---|---|
| | | | സർവ്വേയുടെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിൽ ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. ഫോറസ്റ്റ് മിനി സർവ്വേക്ക് കീഴിൽ വരുന്ന മോഡേൺ റിക്കോഡ് റൂമിൻറെ ഡിജിറ്റലൈസേഷൻറെ ഭാഗമായി ലഭ്യമായ റെക്കോഡുകൾ ജില്ല, ഡിവിഷൻ, ഐറ്റം എന്നിങ്ങനെ തരം തിരിച്ച് വയ്ക്കുന്ന ജോലി എല്ലാ ജില്ലകളുടെയും പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ റെക്കോഡുകളുടെ വിവരങ്ങൾ ഗൂഗിൾ സ്പ്രെഡ് ഷീറ്റി ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. കൂടാതെ അതാത് ജില്ലകളിൽ ഡിജിറ്റൽ സർവ്വേ റവന്യൂ വകുപ്പും, സർവ്വേ വകുപ്പും നടത്തുന്നതിനൊപ്പമായിരിക്കും വനാതിർത്തകളുടെ ഡിജിറ്റൽ മാപ്പിംഗ് നടത്തുക. |
| (ബി) | വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി വിപുലമായ തോതിൽ ആധുനിക ആശയവിനിമയ ഉപകരണങ്ങൾ, ക്യാമറ, ഡ്രോൺ ക്യാമറ തുടങ്ങിയവ ഉപയോഗിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. വനം സംരക്ഷണത്തിനായി ഉദ്യോഗസ്ഥ തലത്തിൽ ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള വിവിധ സംവിധാനങ്ങളുണ്ട്. ആശയവിനിമയത്തിനായി വാക്കിടോക്കി, വയർലെസ് സെറ്റുകൾ, ഡിപ്പാർട്ട്മെൻറലായി മൊബൈൽ ഫോൺ/സിം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമുള്ള HAWK (Hostile Activity Watch Kernal), വന്യജീവികളുടെ മരണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, വനപരിപാലനത്തിനായുള്ള വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുവാൻ ഫീൽഡിൽ നിന്നും വിവരം നേരിട്ട് ശേഖരിക്കുന്നതിനായുള്ള "വൻ ആപ്പ് (Van App)" എന്നിവ ഉപയോഗിച്ചു വരുന്നു. വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി പട്രോളിംഗിന് Mstripes എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമെ മനുഷ്യ-വന്യജീവി സംഘർഷത്തെ സംബന്ധിച്ച വിവരശേഖരണത്തിന് പ്രശ്നബാധിത മേഖലകളിൽ ഡ്രോൺ ഉപയോഗിക്കാറുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും, കഞ്ചാവ് കൃഷി, വനം കയ്യേറ്റം തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ഡ്രോൺ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാധ്യത പരിശോധിച്ചു വരുന്നു. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന "ഫോറസ്റ്റ് ഫയർ അലർട്ട്" സംവിധാനം ഉപയോഗിച്ചു വരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ ഭൗമ വിവര സാങ്കേതിക സംവിധാനം (GIS) പരമാവധി ഉപയോഗിച്ച് വരുന്നുണ്ട്. |
| (സി) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗങ്ങളിൽപ്പെട്ടവരെ നിർബന്ധിതമായല്ലാതെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടിക ഗോത്ര വർഗങ്ങളിൽപ്പെട്ടവർക്ക് മാത്രമായി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ വനത്തിനുള്ളിൽ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗങ്ങളിൽപ്പെട്ടവരും അല്ലാത്തവരുമായവരെ പുനരധിവസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പാലക്കാട് വൈൽഡ്ലൈഫ് സർക്കിളിലെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നിലവിൽ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. IDWH പദ്ധതിയിൽ ഉൾപ്പെടുത്തി 190 ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് ആകെ 19 കോടി രൂപ നൽകിയിട്ടുണ്ട്. 129 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുകയും ബാക്കിയുള്ള 61 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

**വനാതിർത്തി സർവേ നടത്തി ജണ്ട കെട്ടി തിരിച്ച് രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടി**

വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് സ്ഥിരം ജണ്ട കെട്ടി വനാതിർത്തി വേർതിരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വനാതിർത്തികളിൽ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഉദ്ദേശം 21200 ഓളം ജണ്ടകൾ കൂടി ഇനി നിർമ്മിക്കുവാനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിൽ 2021-22 സാമ്പത്തിക വർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 1906.510 കിലോമീറ്ററിലായി 9500 ജണ്ടകൾ നിർമ്മിക്കുവാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നാളിതുവരെ ടി വർഷത്തിൽ 274.070 കിലോമീറ്ററിലായി 1379 ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 1284.434 കിലോമീറ്ററിലായി 6000 ജണ്ടകൾ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ചില നിക്ഷിപ്ത വനങ്ങളിലും ഇ.എഫ്.എ ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ട്രിബ്യൂണലുകളിലും, ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും കേസുകൾ നടന്നു വരുന്നുണ്ട്. പല കേസുകളിലും തൽ സ്ഥിതി തുടരണമെന്നുള്ള കോടതികളുടെ നിർദ്ദേശം നിലവിലുള്ളതിനാൽ ഇത്തരം സ്ഥലങ്ങളിൽ സർവ്വേയും, അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും കേസുകളുടെ അന്തിമ വിധിയ്ക്കനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ.

വനാതിർത്തി സർവ്വേ, ജിയോറഫറൻസിംഗ് എന്നിവ Differential Global Positioning System (DGPS) ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനുവേണ്ട പ്രാരംഭ പഠനം (Pilot Study) തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ നടത്തുന്നതിനും, ആയത് ഉപയോഗപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കുന്നതിലേയ്ക്കുമായി Ministry of Environment Forest and Climate Change ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയെ(FSI) ചുമതലപ്പെടുത്തുകയും കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിൽ പൈലറ്റ് സ്റ്റഡി നടത്തുകയും

ചെയ്തിരുന്നു. ഇപ്രകാരം ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ തയ്യാറാക്കിയ കരട് **Standard Operating Procedure (SOP)** അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ലഭിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിലേയ്ക്കുവേണ്ടി വകുപ്പ് തയ്യാറാക്കിയ കരട് **Standard Operating Procedure (SOP)** സമർപ്പിച്ചതിൽ റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വന പ്രദേശത്ത് റവന്യൂ വകുപ്പ് തയ്യാറാക്കിയ **Standard Operating Procedure (SOP)** പ്രകാരവും അല്ലാത്ത മേഖലകളിൽ ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ തയ്യാറാക്കിയ **Standard Operating Procedure (SOP)** ഉപയോഗിക്കുവാനുമാണ് സർക്കാർ തീരുമാനമായിട്ടുള്ളത്.

കൂടാതെ കേരള സർക്കാരിന്റെ സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പും, റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയുടെ ഭാഗമായി ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതാതു ജില്ലകളിൽ ഡിജിറ്റൽ സർവ്വേ റവന്യൂ വകുപ്പും, സർവ്വേ വകുപ്പും നടത്തുന്നതിനൊപ്പമായിരിക്കും വനാതിർത്തികളുടെ ഡിജിറ്റൽ മാപ്പിംഗ് നടത്തുക, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വനം മിനി സർവ്വേ ഓഫീസ് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഓരോ വനം സർക്കിളിലും ജില്ലകളിലും സർവ്വെ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വെയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വനാതിർത്തികളുടെ ഡിജിറ്റൈസേഷനും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്

വനസംരക്ഷണത്തിന് ആധുനിക സാങ്കേതിക വിദ്യ പ്രത്യേകിച്ച് ഭൗമ വിവര സാങ്കേതിക സംവിധാനം (GIS) പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരികയാണ്.

**<u>വനം വകുപ്പ് ഉദ്യോഗസ്ഥർക്കായുള്ള ആധുനിക സാങ്കേതിക വിദ്യ</u>**

## അടിസ്ഥാനപ്പെടുത്തിയുള്ള സംവിധാനങ്ങൾ

വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥർക്ക് തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുന്നതിനും, തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി ഉദ്യോഗസ്ഥതലത്തിൽ ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള വിവിധ സംവിധാനങ്ങളുണ്ട്.

**HAWK (Hostile Activity Watch Kernel)** - വനംകുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായുള്ള ഈ സോഫ്റ്റ്‌വെയർ, മൊബൈലിലും, വെബ് മുഖാന്തിരവും പ്രവർത്തിക്കുന്ന ഒന്നാണ്. വനം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ബഹു കോടതിയിൽ സമർപ്പിക്കേണ്ട രേഖകൾ, കുറ്റവാളികളുടെ ഒരു **database**, കുറ്റകൃത്യം നടന്ന സ്ഥലത്തിന്റെ **GPS** ലൊക്കേഷൻ, ചിത്രങ്ങൾ എന്നിവയുൾപ്പടെയുള്ള വിവരം ഇതിൽ ലഭ്യമാക്കുന്നുണ്ട്.

**Mstripes** - വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പട്രോളിംഗിന് **Mstripes** എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**Wildlife death reporting system** - വന്യജീവികളുടെ മരണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി ഉപയോഗിച്ച് വരുന്നുണ്ട്.

**Van App** – കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള **National Working Plan Code 2014** പ്രകാരം ഓരോ വനം ഡിവിഷനിലും അടുത്ത **10** വർഷം ഏറ്റെടുത്ത് നടത്തേണ്ട വന പരിപാലന പ്രവർത്തികൾക്കായി വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. ടി വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിനായി ഫീൽഡിൽ നിന്നും വളരെ അധികം വിവരം ശേഖരിക്കേണ്ടതായുമുണ്ട്. ഇത്തരത്തിൽ ഉള്ള വിവരം ഫീൽഡിൽ നിന്നും നേരിട്ട് ശേഖരിക്കുന്നതിനായുള്ള "വൻ ആപ്പ്" **(Van App)** സംവിധാനം കഴിഞ്ഞ വർഷം മുതൽ ഉപയോഗിച്ച് വരുന്നു. ഇതുപയോഗിച്ച് കഴിഞ്ഞ വർഷം **6** വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരം

നേടിയിട്ടുണ്ട്. കൂടാതെ 6 വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഒരു ഡിവിഷനിലെ സ്വാഭാവിക വനം, തോട്ടങ്ങൾ, വന്യജീവി സമ്പത്ത്, തുടങ്ങി ഒരു വർക്കിംഗ് പ്ലാൻ തയ്യാറാക്കുമ്പോൾ ശേഖരിക്കുന്ന നിരവധി വിവരങ്ങൾ പിന്നീട് വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. "വൻ ആപ്പ്" (Van App) മുഖാന്തിരം ശേഖരിക്കുന്ന വിവരങ്ങളിൽ പലതും ഭാവിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നവയാണ്.

**ഡ്രോൺ സംവിധാനത്തിന്റെ സാദ്ധ്യത** - മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച വിവരശേഖരണത്തിന് പ്രശ്നബാധിതമേഖലകളിൽ ഡ്രോൺ ഉപയോഗിക്കാറുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും, കഞ്ചാവ് കൃഷി, വനം കയ്യേറ്റം എന്നിവയുണ്ടെങ്കിൽ കണ്ടെത്തുന്നതിനും, മറ്റു വനസംരക്ഷണ പ്രവർത്തനങ്ങൾക്കും ഡ്രോൺ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. ഇതിനായി കൂടുതൽ പഠനങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ നിലവിൽ പ്രവർത്തിക്കുന്ന വയർലസ് സംവിധാനങ്ങളും സംരക്ഷണ ജീവനക്കാർക്കുള്ള മൊബൈൽ സിം സംവിധാനങ്ങളും പ്രവർത്തിപ്പിച്ച് വന സംരക്ഷണം കാര്യക്ഷമമാക്കുന്നു.

**ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം** - കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം ഉപയോഗിച്ചു വരുന്നുണ്ട്. ഇത് Dehradun –ലെ Forest Survey of India (FSI) നടപ്പിലാക്കി വരുന്ന ഒരു സംവിധാനമാണ്. ഉപഗ്രഹത്തിൽ നിന്നും ലഭിക്കുന്ന കാട്ടുതീയെ സംബന്ധിച്ച വിവരം (ഉപഗ്രഹത്തിന് കണ്ടെത്താൻ കഴിയുന്ന ഒരു നിശ്ചിത അളവിന് മുകളിൽ വിസ്തൃതി ഉള്ള പ്രദേശങ്ങൾ) ബന്ധപ്പെട്ട പ്രദേശത്തെ ഉദ്യോഗസ്ഥരുൾപ്പടെയുള്ള വ്യക്തികളുടെ (ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക്) മൊബൈൽ ഫോണിലേക്ക് ഓരോ ദിവസവും 2 തവണ അയച്ചു നൽകുന്ന സംവിധാനമാണ് FSI നടപ്പിലാക്കിയിട്ടുള്ളത്. ഇത് വഴി തുടർനടപടികൾ സ്വീകരിക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

**ഭൗമ വിവര സാങ്കേതിക സംവിധാനം (GIS)** - വനം വകുപ്പിൽ പ്രവർത്തിച്ചു വരുന്ന GIS വിഭാഗം ഭൗമ വിവര സാങ്കേതിക സംവിധാനത്തിന്റെ നൂതന സാദ്ധ്യതകൾ കൂടി ഉപയോഗപ്പെടുത്തുവാൻ ശ്രമിച്ചു വരികയാണ്. നിലവിൽ വനം വകുപ്പിലെ വിവിധ വിവരങ്ങൾ GIS പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കൽ തുടങ്ങിയ മേഖലകളിൽ ഭൗമ വിവര സാങ്കേതിക സംവിധാനം (GIS) പരമാവധി ഉപയോഗിച്ചുവരുന്നുണ്ട്.

**വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ടവരെ നിർബന്ധിതമായല്ലാതെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നതിന് പദ്ധതി**

വനത്തിനുള്ളിൽ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗങ്ങളിൽപെട്ടവരും അല്ലാത്തവരുമായവരെ പുനരധിവസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പാലക്കാട് വൈൽഡ് സർക്കിളിലെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നിലവിൽ നടപ്പിലാക്കിവരുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. IDWH പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പുനരധിവാസ പദ്ധതി പ്രകാരം 19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 129 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 61 കുടുംബങ്ങളിൽ മുഴുവൻ തുകയും അനുവദിച്ച കുറിച്ച്യാട് സെറ്റിൽമെന്റിലെ ഗോത്ര വർഗ്ഗത്തിൽപ്പെട്ട 33 കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച ഉടൻ മാറ്റി താമസിപ്പിക്കുന്നതാണ്. കൂടാതെ ചെട്ടിയാലത്തൂർ സെറ്റിൽമെൻറിലെ 28 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിച്ച ഉടനെ ഇവരെയും മാറ്റി പാർപ്പിക്കുന്നതാണ് എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീഡ് ഡയറക്ടർ, പാലക്കാട് അറിയിച്ചിട്ടുണ്ട്.